# File No.HEDN-L3/119/2021-HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - നെയ്യാറ്റിൻകര, സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പലിന്റെ പൂർണ്ണ അധിക ചുമതല ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പ് മേധാവിയായ ശ്രീ. സുൽഫിക്കർ.എ-യ്ക്ക് നല്കിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

**സ.ഉ.(സാധാ) നം.588/2021/ഉ.വി.വ** തീയതി,തിരുവനന്തപുരം, 15/04/2021

---

പരാമർശം:- 1 19.03.2021 തീയതിയിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഇ.എ4/11976/21/ഡി.ടി.ഇ. നടപടി ക്രമം

2 സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 19.03.2021 തിയതിയിലെ ഇ. എ 4/11976/21/ഡിടിഇ നം കത്ത്.

ഉത്തരവ്

നെയ്യാറ്റിൻകര , സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പലായ ശ്രീ . അലക്സ് ശോഭന രാജ് കുമാർ . റ്റി ക്ക് 17.03.2021 ന കോവിഡ് 19 സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രിൻസിപ്പാളിൻെറ പൂർണ്ണ അധിക ചുമതല ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പ് മേധാവിയായ ശ്രീ. സുൽഫിക്കർ എ-യ്ക്ക് നല്കി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു..

2) സ്ഥാപനത്തിൻെറ ഭരണപരവും അദ്ധ്യയനപരവുമായ ആവശ്യങ്ങൾ കണക്കിലെടുത്ത് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗം മേധാവിയായ ശ്രീ. സുൽഫിക്കർ.എ-യ്ക്ക് പ്രിൻസിപ്പാളിൻ െറ പൂർണ്ണ അധിക ചുമതല നൽകിയ ഉത്തരവ് സാധൂകരിച്ച് നല്കണമെന്ന് പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ , നെയ്യാറ്റിൻകര, സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പലിന്റെ പൂർണ്ണ അധിക ചുമതല ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പ് മേധാവിയായ ശ്രീ. സുൽഫിക്കർ.എ-യ്ക്ക് 17.03.2021 പൂർവാഹം പ്രാബല്യത്തിൽ നൽകിയ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) പ്രകാരമുള്ള നടപടി കേരള സർവ്വീസ് ചട്ടത്തിലെ റൂൾ 53(ബി) പ്രകാരം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീദേവി ഇ എസ്**
**അണ്ടർ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
ശ്രീ. സുൽഫിക്കർ.എ , ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെൻറേഷൻ എഞ്ചിനീയറിംഗ് വിഭാഗം വകുപ്പ് മേധാവി ,സർക്കാർ പോളിടെക്നിക്ക് കോളേജ്, നെയ്യാറ്റിൻകര
പ്രിൻസിപ്പാൾ ,സർക്കാർ പോളിടെക്നിക്ക് കോളേജ് , നെയ്യാറ്റിൻകര
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ്&ന്യൂമീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.